പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.674 11.07.2014-ലെ മറുപടിക്ക്

## ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു | ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നല്കുന്നതിനെ സംബന്ധിച്ച് കേന്ദ്രം നിയമം പാസ്സാക്കിയിട്ടുണ്ടോ; | (എ) | ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നല്കുന്നതിനെ സംബന്ധിച്ച് കേന്ദ്രം നിയമം പാസ്സാക്കിയിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | പ്രസ്തുത നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) | ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നൽകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ 'കേരള പട്ടികവർഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ട്-1999 പാസാക്കിയിട്ടുണ്ട്. ആയത് പ്രകാരം അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ ഡിവിഷണൽ ഓഫീസർ തലത്തിൽ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (ഡി) | ഇതു സംബന്ധിച്ച കേരള നിയമസഭ പാസാക്കിയ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | അന്യാധീനപ്പെട്ട പട്ടിക വർഗ്ഗക്കാരുടെ ഭൂമി തിരിച്ചുപിടിക്കുന്നതിനും കൈമാറ്റങ്ങൾ നിയന്ത്രിക്കുന്നതിനുമായി കേരള നിയമസഭ പാസ്സാക്കിയ 1999 ലെ Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act ന് 09.03.1999 ന് ഗവർണ്ണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. State of Kerala vs Peoples Union for Civil Liberties, Kerala State Unit and Others (JT 2009(9)Sc 573) എന്ന കേസിൽ ബഹു. സുപ്രീം കോടതി രാഷ്ട്രപതിയുടെ അംഗീകാരം പ്രസ്തുത ആക്റ്റിന് ആവശ്യമില്ലെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ